"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- W.P(C)No.24391/2017-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 17/10/2018-ലെ വിധിന്യായം- ചങ്ങനാശേരി നഗരസഭയിൽ UIDSSMT സ്കീമിൽ അനുവദിച്ച കുടിവെള്ള വിതരണ പദ്ധതിയുടെ കരാറുകാരന് നൽകുവാനുള്ള 25,11,251/-രൂപ ചങ്ങനാശ്ശേരി നഗരസഭയിലെ കുടിവെള്ള വിതരണ പദ്ധതിക്കായി ആരംഭിച്ച ബാങ്ക് അക്കൌണ്ടിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും, ഖരമാലിന്യ സംസ്കരണ പദ്ധതിയിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt)No.740/2019/LSGD തീയതി,തിരുവനന്തപുരം, 28/03/2019

---

പരാമർശം:- 1 09/01/2018-ലെ സ.ഉ(സാധാ.)നം.89/2018/ത.സ്വ.ഭ.വ. നം ഉത്തരവ്

2 W.P(C)No.24391/2017- ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 17/10/2018-ലെ വിധിന്യായം

3 മിഷൻ ഡയറക്ടർ അമൃത് സമർപ്പിച്ച 13/03/2019 ലെ എ1-3224/2012/കെ.എസ്.യു.ഡി.പി. നമ്പർ കത്ത്

**ഉത്തരവ്**

ചങ്ങനാശേരി നഗരസഭയ്ക്ക് UIDSSMT സ്കീമിൽ ഉൾപ്പെടുത്തി 391.90 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കുടിവെള്ള വിതരണ പദ്ധതി അനുവദിച്ചിരുന്നു. പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതിക്ക് 721 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയും പയ്യന്നൂർ, ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റികളിൽ UIDSSMT സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികൾക്കായി 101.51 ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നു.

2. ടി സർക്കാർ ഉത്തരവ് പ്രകാരം ചങ്ങനാശേരി നഗരസഭയിൽ UIDSSMT സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രസ്തുത കുടിവെള്ള വിതരണ പദ്ധതിയുടെ പാർട്ട്(2) ബിൽ തുകയായ 65,01,303/-രൂപ കരാറുകാരനായ

ശ്രീ.പോൾസൺ ചാക്കോയ്ക്ക് അമൃത് മിഷൻ ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. പാർട്ട്(3) ബിൽ തുകയായ 25,11,251/- രൂപ നാളിതുവരെ അനുവദിച്ചിട്ടില്ല എന്ന് അമൃത് മിഷൻ ഡയറക്ടർ പരാമർശം (3)കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പ്രസ്തുത പ്രവൃത്തിയുടെ പാർട്ട്(2), പാർട്ട്(3) ബിൽ തുകകൾ ലഭിക്കുന്നതിനായി ശ്രീ.പോൾസൺ ചാക്കോ ബഹു.ഹൈക്കോടതിയിൽ W.P(C)No.24391/2017 ഫയൽ ചെയ്തിരുന്നു. ടി കേസിലെ ബഹു.ഹൈക്കോടതിയുടെ പരാമർശം(2) വിധിന്യായത്തിൽ 3 മാസത്തിനകം ടിയാന് നൽകാനുള്ള തുക അനുവദിക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

4.2018-19 വർഷത്തെ ജെ.എൻ.എൻ.യു.ആർ.എം. ബജറ്റ് ഹെഡിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ബഹു.ഹൈക്കോടതി വിധി പ്രകാരം ശ്രീ.പോൾസൺ ചാക്കോയ്ക്ക് ചങ്ങനാശ്ശേരി കുടിവെള്ള പദ്ധതിയുടെ മൂന്നാം ഗഡുവായി നൽകുവാനുള്ള 25,11,251/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറ്റി അൻപത്തൊന്ന് രൂപ മാത്രം) അടിയന്തിരമായി നൽകേണ്ടതുള്ളതിനാൽ ചങ്ങനാശ്ശേരി നഗരസഭയിലെ കുടിവെള്ള വിതരണ പദ്ധതിക്കായി ആരംഭിച്ച ബാങ്ക് അക്കൌണ്ടിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും, ഖരമാലിന്യ സംസ്കരണ പദ്ധതിയിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും ടി തുക കരാറുകാരന് നൽകുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് അമൃത് മിഷൻ ഡയറക്ടർ പരാമർശം (3 )കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ചങ്ങനാശേരി നഗരസഭയിൽ UIDSSMT സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച കുടിവെള്ള വിതരണ പദ്ധതിയുടെ മൂന്നാം ഗഡുവായി കരാറുകാരന് നൽകുവാനുള്ള 25,11,251/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറ്റി അൻപത്തൊന്ന് രൂപ മാത്രം) ചങ്ങനാശ്ശേരി നഗരസഭയിലെ കുടിവെള്ള വിതരണ പദ്ധതിക്കായി ആരംഭിച്ച ബാങ്ക് അക്കൌണ്ടിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും, ഖരമാലിന്യ സംസ്കരണ പദ്ധതിയിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും നൽകുന്നതിന്, മൊത്തം ബിൽ തുക പുതുക്കിയ ഭരണാനുമതി തുകയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

6. ബഹു.ഹൈക്കോടതിയുടെ പരാമർശം (2)-ലെ വിധിന്യായം മേല്പറഞ്ഞ പ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

File No.LSGD-DC2/56/2019-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

ശ്രീ.പോൾസൺ ചാക്കോ, മുളവരിക്കൽ ഹൗസ്, പിരാരൂർ, കാലടി, എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം)

മിഷൻ ഡയറക്ടർ,അമൃത്

സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ,കേരള വാട്ടർ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)

എക്സിക്യൂട്ടീവ് ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.03.28 17:24:40 IST
Reason: Approved
സെക്ഷൻ ഓഫീസർ